# ഭോപ്പാൽ തെരുവുകളിൽ ഇന്നും 'ആൻഡേഴ്സൻ' കത്തിയമരുന്നു!

**വി. രാജഗോപാൽ**

**ഭോപ്പാൽ:** നിരപരാധികളായ പതിനായിരങ്ങളുടെ ജീവിതം ഹോമിക്കുകയും അതിലേറെ പേരെ തീരാദുരിതങ്ങളിലേക്ക് തള്ളിവിടുകയുംചെയ്ത ഭോപ്പാൽ വാതകദുരന്തത്തിന് ബുധനാഴ്ച കാൽ നൂറ്റാണ്ട് തികയുന്നു.

എന്നാൽ ഇന്നും യൂണിയൻ കാർബൈഡിനോടുള്ള നാട്ടുകാരുടെ രോഷം അണഞ്ഞിട്ടില്ല. ധർണകളായും പ്ര




## വാതക ദുരന്തത്തിന് ഇന്ന് കാൽനൂറ്റാണ്ട്

കടനങ്ങളായും മനുഷ്യച്ചങ്ങലകളായും പ്രതിഷേധങ്ങൾ അവസാനിക്കുന്നത് കാർബൈഡ് ചെയർമാനായിരുന്ന വാറൻ ആൻഡേഴ്സൻെറ കോലം തെരുവിൽ ചുട്ടെരിച്ചുകൊണ്ടാണ്. ദുരന്തത്തിൻെറ കൊലയാളിയായി അവരുടെ മനസ്സിൽ ആൻഡേഴ്സൻ നിറഞ്ഞുനിൽക്കുന്നു -ഒടുങ്ങാത്ത രോഷം പിൻ തലമുറകളിലേക്കും പടരുന്നു.

ബഹുരാഷ്ട്ര കമ്പനിയായ അമേരിക്കയിലെ ഡൗ കെമിക്കൽസ് യൂണിയൻ കാർബൈഡ് ഏറ്റെടുത്തു കഴിഞ്ഞു. കാർബൈഡിൻെറ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ ആൻഡേഴ്സൻ ദുരന്തത്തിനുശേഷം രണ്ട് കൊല്ലം കഴിഞ്ഞ് 1986ൽ സ്ഥാനമൊഴിഞ്ഞു.

കുറെക്കാലം വാതക ദുരന്തം ആൻഡേ



**ഭോപ്പാലിൽ യൂണിയൻ കാർബൈഡ് ചെയർമാൻ ആൻഡേഴ്സൻെറ കോലം കത്തിക്കുന്നു**

ഴ്സനെ വല്ലാതെ അസ്വസ്ഥനാക്കിയിരുന്നതായി ഭാര്യലില്ലിയാൻ ഈയിടെ അമേരിക്കൻ പത്രലേഖകരോട് പറഞ്ഞതായി റിപ്പോർട്ടുണ്ട്. ദുരന്തത്തിൻെറ നാലാം ദിവസം ഭോപ്പാലിലെത്തിയിരുന്ന ആൻഡേഴ്സൻ അറസ്റ്റിലായെങ്കിലും ഉന്നത ഇടപെടലുകളെ തുടർന്ന് അമേരിക്കയിലേക്ക് രക്ഷപ്പെടുകയായിരുന്നു. ഭോപ്പാൽ കോടതി ഈയിടെ വീണ്ടും അറസ്റ്റ് ചെയ്യാൻ വാറൻറ് പുറപ്പെടുവിച്ചിരുന്നു.

**ഭീതിയൊഴിയാതെ ഭോപ്പാൽ 14**